(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രി കെട്ടിടം പണിയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആശുപത്രി കെട്ടിടത്തിന്റെ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കുഴിമണ്ണ ഡിസ്പെൻസറിക്കുവേണ്ടി സർക്കാർ തലത്തിൽ ഭൂമി അക്വയർ ചെയ്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ഡോക്ടർ ഉഷാദേവിക്ക് ലീവിനുശേഷം തുടർനിയമനം ലഭിക്കുന്നതിന് നടപടി

145 [1326] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പേരൂർക്കട ഗവൺമെന്റ് ആശുപത്രിയിൽ സീവിൽ സർജനായി ജോലി നോക്കിയിരുന്ന ഡോക്ടർ ഉഷാദേവിക്ക് ലീവിനുശേഷം ജോലിയിൽ പ്രവേശിക്കുവാൻ ഉത്തരവ് നൽകിയിട്ടില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡോക്ടർ ഉഷാദേവി 1-10-1992 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനാൽ, ടി ഡോക്ടറുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ശിക്ഷണ നടപടികൾ സംബന്ധിച്ച് തീരുമാനമാകാത്തതിനാൽ ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

എറണാകുളം ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുകൾ നികത്താൻ നടപടി

146 [1327] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) ഇതിനായി പി.എസ്.സി. റാങ്ക്ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly